(സി) കോർപ്പറേഷന്റെ ഇന്റേണൽ ആഡിറ്റ് 1998-99 വർഷത്തിലേക്ക് നടന്നുവരുന്നു. രണ്ടുമാസത്തിനകം പൂർത്തിയാകും എന്നാൽ സ്റ്റാറ്റ്യൂട്ടറി ആഡിറ്റിംഗ് 1988-89 മുതൽ കുടിശ്ശികയിലാണ്. 1988-89 വർഷത്തെ കണക്കുകൾ പൂർത്തിയാക്കി പരിശോധനയ്ക്ക് അക്കൗണ്ടന്റ് ജനറലിന് അയയ്ക്കാവുന്ന സ്ഥിതിയിലാണ്. 1989-90 മുതൽ 1991-92 വരെയുള്ള മൂന്നു വർഷങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് ആറുമാസത്തിനകം തീർക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) 1997-98 സാമ്പത്തിക വർഷംവരെ അംഗൻവാടികൾക്ക് ആവശ്യമായ അരിയും പെരുപയറും വാങ്ങി വിതരണം ചെയ്യുന്നതിലൂടെയും കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന വാണിജ്യസംരംഭങ്ങളായ ഡിപ്പാർട്ടുമെന്റ് സ്റ്റോർ, ഹോട്ടൽ കോപ്പിയർ യൂണിറ്റ്, കവർ നിർമ്മാണ യൂണിറ്റ് എസ്. റ്റി.ഡി. ബൂത്ത് എന്നിവയിലൂടെയുമാണ്.

(ഇ) 1996-97 വർഷം വികലാംഗ ക്ഷേമ പ്രവർത്തനങ്ങൾക്കായി, ഷെയർ ക്യാപ്പിറ്റൽ, ലോങ്ങ് എന്നീ ഇനത്തിൽ 20 ലക്ഷം രൂപയും 1997-98 ൽ 10 ലക്ഷം രൂപയും 1998-99-ൽ 40 ലക്ഷം രൂപയും സംസ്ഥാന ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. 1998 മാർച്ച് അവസാനത്തിൽ വികലാംഗ ക്ഷേമ പ്രവർത്തനങ്ങൾക്കായി 178 ലക്ഷം രൂപ ഗ്രാന്റായും സംസ്ഥാന ഗവൺമെന്റിൽനിന്ന് ലഭിച്ചിട്ടുണ്ട്. കൂടാതെ 1997-98ൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും വികലാംഗർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി ഗ്രാന്റ് ഇനത്തിൽ 6 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(എഫ്) ഈ സ്ഥാപനത്തിന്റെ മിച്ചം തുക നിക്ഷേപിച്ചിട്ടുള്ളത് ട്രഷറി സേവിംഗ്സ് ബാങ്കിലാണ്. 31.3.99-ൽ 125 ലക്ഷം രൂപ മിച്ചമുണ്ടായിരുന്നു.

(ജി) മുകളിൽ പറഞ്ഞ 175 ലക്ഷത്തിനു പുറമേ കോടതിയുടെ തീരുമാനത്തിനു വിധേയമായി പെരുപയർ വാങ്ങിയ വകയിൽ കൊടുത്തു തീർക്കേണ്ട ആവശ്യത്തിലേക്കായി 90 ലക്ഷം രൂപ ട്രഷറി സേവിംഗ്സ് ബാങ്കിലുണ്ട്. കൂടാതെ ഗവൺമെന്റിൽനിന്നും ലഭിച്ച ഗ്രാന്റിൽ ഈ സാമ്പത്തിക വർഷം വികലാംഗ ക്ഷേമത്തിനായി ചെലവഴിക്കുന്നതിന് 41.24 ലക്ഷം രൂപ ടി. പി എ. അക്കൗണ്ടിലുണ്ട്.

71 (627) സംസ്ഥാന വനിതാ കമ്മീഷന് അനുവദിച്ച തുക

ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷൻ രൂപീകരിച്ചതെന്നാണ്;

(ബി) അന്നുമുതൽ ഓരോ വർഷവും ഈ കമ്മീഷന്റെ ചെലവിനു വേണ്ടി എന്തു തുക അനുവദിച്ചു എന്ന് അറിയിക്കുമോ;

(സി) ഈ കമ്മീഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി കൂടുതൽ തുക നൽകണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആവശ്യാനുസരണം ഫണ്ട് അനുവദിക്കാതിരിക്കാൻ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1990-ലെ കേരള വനിതാ കമ്മീഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച വനിതാ കമ്മീഷൻ 14.3.96-ൽ നിലവിൽ വന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനിതാ കമ്മീഷന്റെ ചെലവിനുവേണ്ടി ഓരോ വർഷവും അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	അനുവദിച്ച തുക	
	നോൺപ്ലാൻ	പ്ലാൻ
1996-97	19.82 ലക്ഷം രൂപ	-
1997-98	37.09 ലക്ഷം രൂപ	-
1998-99	39.73 ലക്ഷം രൂപ	5 ലക്ഷം രൂപ
1999-2000	63.73 ലക്ഷം രൂപ	5 ലക്ഷം രൂപ

(സി)&(ഡി) ഉണ്ട്, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ തുക അനുവദിക്കുന്നതാണ്.

72 (628) - വനിതാ കമ്മീഷന്റെ ശുപാർശകൾ

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന വനിതാ കമ്മീഷൻ സർക്കാരിന് നൽകിയിട്ടുള്ള എത്ര ശുപാർശകളാണ് നിയമസഭ മുമ്പാകെ സമർപ്പിക്കുവാനുള്ളത്;

(ബി) ഈ നിയമസഭാ സമ്മേളനത്തിൽ തന്നെ പ്രസ്തുത ശുപാർശകൾ നിയമസഭയുടെ മുമ്പാകെ സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)വനിതാ കമ്മീഷനിൽ നിന്നും ലഭിച്ച ശുപാർശകളിൽ 14 എണ്ണം നിയമസഭ മുൻപാകെ സമർപ്പിക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിന് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ശുപാർശകൾ താമസംവിനാ പരിശോധിച്ചു നൽകുന്നതാണ്.

73 (629) സംസ്ഥാന വനിതാ കമ്മീഷൻ നൽകിയ ശുപാർശകൾ

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന വനിതാ കമ്മീഷൻ ഇതുവരെ എത്ര ശുപാർശകൾ ഗവണ്മെന്റിന് സമർപ്പിച്ചു;

(ബി) ഇവയിൽ പ്രധാനപ്പെട്ടവ എന്തെല്ലാം;

(സി) ഈ ശുപാർശകൾ സഭ മുൻപാകെ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) ഈ ശുപാർശകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വനിതാ കമ്മീഷൻ ഇതുവരെ 20 ശുപാർശകൾ ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly